**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 54** **28-06-2022 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കൗൺസിൽ ശിപാർശകളെ സംബന്ധിച്ച സുപ്രീം കോടതി വിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ . ഷംസുദ്ദീൻ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കൗൺസിൽ ശിപാർശകൾ അംഗീകരിക്കുന്നതിന് കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് ബാധ്യതയില്ലെന്നും നികുതി നിയമ നിർമ്മാണത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് തുല്യ അവകാശമാണെന്നുമുള്ള സുപ്രീം കോടതി വിധി സർക്കാർ പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും എന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ വാദമുഖങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (ബി) | പ്രസ്തുത വിധി അനുസരിച്ച് സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (ബി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ |

| | | | |
|---|---|---|---|
| | | | സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും എന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ വാദമുഖങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |
| (സി) | പ്രസ്തുത വിധിയുടെ അടിസ്ഥാനത്തിൽ സ്വീകരിക്കുന്ന നടപടികൾ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സഹായകരമാകുമെന്ന് കരുതുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | ബഹുമാനപ്പെട്ട സുപ്രീം കോടതി 19.05.2022 തീയതിയിൽ സി.എ. നമ്പർ 1390/2022 കേസിന്മേൽ പുറപ്പെടുവിച്ച വിധിന്യായം സർക്കാർ വിശദമായി പരിശോധിച്ചു വരുന്നു. പ്രസ്തുത വിധിന്യായത്തിൽ ജി.എസ്.ടി. കൗൺസിൽ സംബന്ധമായ പ്രധാന നിരീക്ഷണങ്ങളിൽ, ജി.എസ്.ടി. കൗൺസിലിന്റെ 'ശിപാർശകൾ' കേന്ദ്രവും സംസ്ഥാനങ്ങളും ഉൾപ്പെടുന്ന ഒരു സഹകരണ സംഭാഷണത്തിന്റെ ഫലമാണെന്നും അവ ശിപാർശ എന്ന നിലയിലുള്ളതായതിനാൽ ബൈൻഡിംഗ് ശാസനകളായി കണക്കാക്കുന്നത് ജി.എസ്.ടി-യിൽ നിയമനിർമ്മാണം നടത്താൻ കേന്ദ്രത്തിനും സംസ്ഥാനങ്ങൾക്കും തുല്യ അധികാരം നൽകുന്ന ധനപരമായ ഫെഡറലിസത്തെ തടസ്സപ്പെടുത്തും എന്നും പ്രതിപാദിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച മേൽപ്പറഞ്ഞ വിധിയിലെ ഭരണഘടനാപരമായ നിലപാട്, ജി.എസ്.ടി കൗൺസിലിൽ നടക്കുന്ന ചർച്ചകളിൽ സമവായം സാധ്യമല്ലാത്ത കാര്യങ്ങളിൽ ഭാവിയിൽ സംസ്ഥാനത്തിന്റെ വാദമുഖങ്ങൾ ശക്തിപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധി അനുസരിച്ച് നിലവിലെ സ്ഥിതിയിൽ നിന്നും മാറ്റം വരുത്തി സംസ്ഥാനത്തിന് മാത്രമായി നികുതി |

| | | | |
|---|---|---|---|
| | | | കാര്യങ്ങളിൽ തീരുമാനം എടുക്കാൻ കഴിയുമോ എന്ന വിഷയം പരിശോധിച്ച് തീരുമാനിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ